25
2025
മാർച്ച്
ചൊവ്വ
മീനം 11

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.105 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-105 | പേജ് 4. വില 2.00 രൂപ




02 ലഹരിവിപത്തിനെ ചെറുക്കാൻ അതിവിപുല ജനകീയ ക്യാമ്പയിനുമായി സർക്കാർ
03 പിഎൻബി തട്ടിപ്പ്: മെഹുൽ ചോക്സി ഭാര്യയ്ക്കൊപ്പം ബെൽജിയത്തിലെന്ന് റിപ്പോർട്ട്
04 തൊഴിൽ സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചില്ലെങ്കിൽ നിയമനടപടിയുണ്ടാവും

# അനധികൃത മത്സ്യബന്ധനം 5000 കിലോ കുഞ്ഞൻ മത്സ്യങ്ങളെ കണ്ടെടുത്ത് ഫിഷറീസ് വകുപ്പ്



കൊച്ചി : നിയമം മൂലം നിരോധിച്ച കണ്ണി വലിപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ച് അനധികൃത മത്സ്യ ബന്ധനം നടത്തിയ ബോട്ടുകൾക്കെതിരെ കർശന നടപടിയെടുത്ത് ഫിഷറീസ് - മറൈൻ എൻഫോഴ്സ്മെന്റ് സംയുക്ത സംഘം. ബോട്ടുകളിൽ നിന്ന് കണ്ടെടുത്ത മിനിമം ലീഗൽ സൈസ് ഇല്ലാത്ത 5000 കിലോ കുഞ്ഞൻ മത്സ്യങ്ങളെ ഫിഷറീസ് അധികൃതരുടെ സാന്നിധ്യത്തിൽ കടലിൽ ഒഴുക്കി കളഞ്ഞു. മത്സ്യസമ്പത്തിനെ നശിപ്പിക്കുകയും കടലിന്റെ ആവാസ വ്യവസ്ഥ തന്നെ തകർക്കുകയും ചെയ്യുന്ന രീതിയാണ് കണ്ണി വലിപ്പം കുറഞ്ഞ വല ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം. അഴീക്കോട് ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ ഡോ. സി സീമയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം നടത്തിയ മിന്നൽ പരിശോധനയിലാണ് എറണാകുളം ജില്ലയിലെ മാല്യങ്കര സ്വദേശി കോഴിക്കൽ വീട്ടിൽ അജീഷ് കുമാറിന്റെ ഉടമസ്ഥതയിലുള്ള സന്ധ്യ എന്ന ബോട്ടും മുനമ്പം പള്ളിപ്പുറം സ്വദേശി കുരിശിങ്കൽ വീട്ടിൽ രതീഷിന്റെ ഉടമസ്ഥതയിലുള്ള സെന്റ് സ്തേഫാനോസ് ബോട്ടും പിടിച്ചെടുത്തത്. പിടിച്ചെടുത്ത ബോട്ടുകൾ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമ (കെഎംഎഫ് റെഗുലേഷൻ ആക്ട്) പ്രകാരം കേസെടുത്ത് ബോട്ടുകളിലെ മത്സ്യം ലേലം ചെയ്ത് ലഭിച്ച 3,33,600 രൂപയടക്കം ആകെ 8.33 ലക്ഷം രൂപ പിഴ ചുമത്തി. പ്രത്യേക പരിശോധനാ സംഘത്തിൽ അഴിക്കോട് മത്സ്യ ഭവൻ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ഇ സുമിത, മെക്കാനിക് ജയചന്ദ്രൻ, മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് വിജിലൻസ് വിങ്ങ് ഉദ്യോഗസ്ഥരായ വി. എൻ പ്രശാന്ത് കുമാർ, ഇ. ആർ ഷിനിൽകുമാർ, വി. എം ഷൈബു, എന്നിവർ നേതൃത്വം നൽകി. സീറെസ്ക്യൂ ഗാർഡുമാരായ ഷിഹാബ്, കൃഷ്ണപ്രസാദ്, റെഫീക്ക്, ബോട്ട് സ്രാങ്ക് ദേവസി മുനമ്പം, എഞ്ചിൻ ഡ്രൈവർ റോക്കി കുഞ്ഞിതൈ എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു. വരും ദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്നും അനധികൃത മത്സ്യ ബന്ധനം നടത്തുന്ന യാനങ്ങൾക്കെതിരേ കർശന നിയമ നടപടി സ്വീകരിക്കുമെന്നും തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അബ്ദുൾ മജിദ് പോത്തനൂരാൻ പറഞ്ഞു.

## ബിജെപി സംസ്ഥാന അധ്യക്ഷനായി രാജീവ് ചന്ദ്രശേഖർ ചുമതലയേറ്റു



തിരുവനന്തപുരം: ബിജെപി സംസ്ഥാന അധ്യക്ഷനായി മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ ചുമതലയേറ്റു. സംസ്ഥാന കൗൺസിൽ യോഗത്തിൽ പ്രഹ്ലാദ് ജോഷിയാണ് ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനം പ്രകാശ് ജാവദേക്കർ കോർ കമ്മിറ്റി യോഗത്തിൽ മുന്നോട്ടു വച്ചു. ഐകകണ്ഠേനയാണ് രാജീവ് ചന്ദ്രശേഖറിനെ അധ്യക്ഷനായി തെരഞ്ഞെടുത്തതെന്നും നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് കേരളത്തിൽ അധികാരത്തിലെത്താനാകട്ടെയെന്നും പ്രഹ്ലാദ് ജോഷി പറഞ്ഞു. ബംഗളൂരുവിന്റെ അടിസ്ഥാന വികസനത്തിനായി പ്രവർത്തിച്ചയാളാണ് രാജീവെന്നും കരുത്തനായ മലയാളിയാണെന്നും ജോഷി കൂട്ടിച്ചേർത്തു. അതേസമയം, കേരളം ബിജെപിക്ക് ബാലികേറാമലയല്ലെന്ന് തെളിയിക്കാൻ കഴിഞ്ഞെന്ന് സ്ഥാനമൊഴിയുന്ന കെ. സുരേന്ദ്രൻ പറഞ്ഞു. ദൈനംദിന പ്രവർത്തനത്തിന് സാധ്യമാകുന്ന നേതാവാണ് രാജീവ് ചന്ദ്രശേഖർ. കൈവച്ച മേഖലകളിലെ ഉജ്വല നേട്ടം ബിജെപിക്ക് ഊർജം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.  സംസ്ഥാന അധ്യക്ഷ സ്ഥാനത്തേക്ക് നിലവിലെ സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ, സംസ്ഥാന വൈസ് പ്രസിഡൻറ് ശോഭ സുരേന്ദ്രൻ, സംസ്ഥാന ജനറൽ സെക്രട്ടറി എം. ടി. രമേശ് തുടങ്ങിയവരുടെ പേരുകൾ സജീവ ചർച്ചയായിരുന്നെങ്കിലും കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനം വന്നതോടെ കോർ കമ്മിറ്റി യോഗം അംഗീകാരം നൽകുകയായിരുന്നു.

## കേരളത്തിൽ എയിംസ്; കേന്ദ്രസംഘം ഉടനെത്തത്തുമെന്ന് കെ. വി. തോമസ്

ന്യൂഡൽഹി: എയിംസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസംഘം ഉടൻ സംസ്ഥാനത്തെത്തുമെന്ന് കേരള സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി കെ. വി. തോമസ്. പാർലമെൻറ് സമ്മേളനത്തിനുശേഷം ഇതു സംബന്ധിച്ച തീരുമാനമെടുക്കുമെന്നും അദ്ദേഹം പ്രതികരിച്ചു. കേന്ദ്ര ആരോഗ്യസെക്രട്ടറിയെ കണ്ട ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കെ. വി. തോമസ്.  കോഴിക്കോട് എയിംസ് സ്ഥാപിക്കണമെന്നാണ് കേരള സർക്കാരിന്റെ നിർദേശം. ഇതിന് അനുയോജ്യമായ സൗകര്യങ്ങൾ ഇവിടെയുണ്ടോയെന്ന് കേന്ദ്ര സംഘം പരിശോധിക്കും. മുഖ്യമന്ത്രിയുമായും ഇവർ കൂടിക്കാഴ്ച നടത്താൻ സാധ്യതയുണ്ട്. ആശാവർക്കർമാരുടെ വിഷയം ചർച്ചയുടെ ഭാഗമായില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേന്ദ്ര ആരോഗ്യമന്ത്രാലയവുമായി ചർച്ചയ്ക്ക് പോകുന്നത് ആശാസമരം ചർച്ച ചെയ്യാനല്ലെന്ന് കെ. വി. തോമസ് രാവിലെ പ്രതികരിച്ചിരുന്നു. ആശാസമരം മാധ്യമങ്ങൾക്ക് മാത്രമാണ് വലിയ കാര്യം. ഡൽഹിയിൽ അതേക്കുറിച്ച് ഒരു ചർച്ചയുമില്ലെന്ന് അദ്ദേഹം പറഞ്ഞിരുന്നു.

## ഐബി ഉദ്യോഗസ്ഥ മരിച്ച നിലയിൽ; മൃതദേഹം ചാക്കയിലെ റെയിൽ പാളത്തിൽ



തിരുവനന്തപുരം : രാജ്യാന്തര വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗം ഐബി ഉദ്യോഗസ്ഥയെ മരിച്ച നിലയിൽ കണ്ടെത്തി. പത്തനംതിട്ട സ്വദേശി മേഘ (24) ആണ് മരിച്ചത്. തിരുവനന്തപുരം ചാക്കയിലെ റെയിൽ പാളത്തിലാണ് മൃതദേഹം കണ്ടെത്തിയത്. ഒരു വർഷം മുൻപാണ് എമിഗ്രേഷൻ വിഭാഗത്തിൽ മേഘ ജോലിയിൽ പ്രവേശിച്ചത്. രാവിലെ ഡ്യൂട്ടി കഴിഞ്ഞ് വിമാനത്താവളത്തിൽനിന്ന് മേഘ ഇറങ്ങിയിരുന്നു. പേട്ടയ്ക്കും ചാക്കയ്ക്കും ഇടയിലെ റെയിൽ പാളത്തിലാണ് മൃതദേഹം കണ്ടെത്തിയത്. സംഭവത്തിൽ പേട്ട പൊലീസ് വിശദമായ അന്വേഷണം ആരംഭിച്ചു. എന്താണ് മരണ കാരണമെന്നു വ്യക്തമല്ല. പൊലീസ് സ്ഥലത്തെത്തി മൃതദേഹം ആശുപത്രിയിലേക്ക് മാറ്റി.

## നെയ്യാറ്റിൻകര രൂപത സഹമെത്രാൻ ഡോ. ഡി. സെൽവരാജന്റെ അഭിഷേകം ഇന്ന്




നെയ്യാറ്റിൻകര: നെയ്യാറ്റിൻകര രൂപത സഹമെത്രാൻ ഡോ. ഡി. സെൽവരാജന്റെ മെത്രാഭിഷേകത്തിനുള്ള മുന്നൊരുക്കങ്ങൾ ദ്രുതഗതിയിൽ പൂർത്തിയായി വരുന്നു. 25ന് വൈകുന്നേരം നെയ്യാറ്റിൻകര നഗരസഭ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങുകളിൽ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് ലിയോപോൾഡോ ജിറേലി ഉൾപ്പെടെ നിരവധി പ്രമുഖർ പങ്കെടുക്കും. 3.30ന് ആരംഭിക്കുന്ന ചടങ്ങിൽ നെയ്യാറ്റിൻകര രൂപത മെത്രാൻ ബിഷപ് ഡോ. വിൻസെൻറ് സാമുവൽ മുഖ്യകാർമികത്വം വഹിക്കും.

തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ, പുനലൂർ രൂപത മെത്രാൻ ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ എന്നിവർ സഹകാർമികരായിരിക്കും. കൊല്ലം രൂപത ബിഷപ് എമിരിത്തൂസ് ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ വചന സന്ദേശം നൽകും. സിബിസിഐ പ്രസിഡൻറ് മാർ ആൻഡ്രൂസ് താഴത്ത്, മലങ്കര കത്തോലിക്ക സഭ സഹായമെത്രാൻ മാത്യൂസ് മാർ പോളിക്കാർപ്പോസ് എന്നിവരടക്കം നിരവധി പ്രമുഖർ സംബന്ധിക്കും. കേരളത്തിലെയും തമിഴ്നാട്ടിലെയും വിവിധ രൂപതകളിൽ നിന്നുള്ള മുപ്പതിലധികം ബിഷപ്പുമാർ മെത്രാഭിഷേക ചടങ്ങുകളിൽ സഹകാർമികരാകും.

മുന്നൂറിലധികം വൈദികർക്കും അഞ്ഞൂറിലധികം സന്ന്യാസിനികൾക്കും പുറമേ പതിനായിരത്തോളം വിശ്വാസികളും ചടങ്ങിനു സാക്ഷ്യം വഹിക്കും. പന്ത്രണ്ട് സമിതികളാണ് മെത്രാഭിഷേക ചടങ്ങുകളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നിർവഹിക്കുന്നത്.

ചടങ്ങിനെത്തുന്നവരുടെ വാഹനങ്ങളുടെ പാർക്കിംഗിന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസം നഗരസഭ ചെയർമാൻ പി. കെ. രാജമോഹനൻ, ഡിവൈഎസ്പി എസ്. ഷാജി എന്നിവരുടെ നേതൃത്വത്തിൽ ഇതു സംബന്ധിച്ച യോഗം ചേർന്ന് കാര്യങ്ങൾ ചർച്ച ചെയ്തു.

ഇന്നലെ നെയ്യാറ്റിൻകര ബിഷപ്സ് ഹൗസിൽ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ മെത്രാഭിഷേക തിരുകർമ ചെയർമാൻ മോൺ. ജി. ക്രിസ്തുദാസ്, മീഡിയ മിനിസ്ട്രി ഡയറക്ടർ ഡോ. ജസ്റ്റിൻ ഡൊമനിക്ക്, മീഡിയ മിനിസ്ട്രി എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. സജിൻ തോമസ്, മീഡിയ കൺസൾട്ടൻറ് അനിൽ ജോസഫ് എന്നിവർ പങ്കെടുത്തു.



# ലഹരിവിപത്തിനെ ചെറുക്കാൻ അതിവിപുല ജനകീയ ക്യാമ്പയിനുമായി സർക്കാർ

## വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് രൂപരേഖ തയ്യാറാക്കും

ലഹരിവിപത്തിനെ ചെറുക്കാൻ എല്ലാ വിഭാഗം ജനങ്ങളെയും വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് അതിശക്തമായ ക്യാമ്പയിന് സർക്കാർ നേതൃത്വം നൽകും. നിലവിലുള്ള എല്ലാ ക്യാമ്പയിനുകളും സംയോജിപ്പിച്ച് ഏപ്രിൽ മുതൽ അതിവിപുലമായ ലഹരിവിരുദ്ധ ക്യാമ്പയിൻ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

മയക്കുമരുന്നിനെതിരായ ക്യാമ്പയിന്റെ ഭാഗമായി നിയമസഭാ മന്ദിരത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഈ മാസം 30 ന് വിദഗ്ധരുടെയും വിദ്യാർത്ഥി-യുവജന സംഘടനകളുടെയും സിനിമ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകളുടെയും അധ്യാപക-രക്ഷാകർതൃ സംഘടനകളുടെയും യോഗം ചേർന്ന് കർമ്മപദ്ധതി തയ്യാറാക്കും.



മയക്കുമരുന്നിനെതിരായ ക്യാമ്പയിന്റെ ഭാഗമായി നിയമസഭാ മന്ദിരത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ നിന്ന്

ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ രൂപരേഖ തയ്യാറാക്കാനായി വിവിധ വകുപ്പുകൾ ചേർന്ന് സമിതി രൂപീകരിക്കും. എൽ.പി ക്ലാസുകൾ മുതൽ തന്നെ ലഹരിവിരുദ്ധ ബോധവത്ക്കരണം തുടങ്ങണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. കുട്ടികളെ കായിക രംഗത്ത് ആകർഷിക്കാൻ കൂടുതൽ പരിപാടികൾ സംഘടിപ്പിക്കണം. ഹോസ്റ്റലുകളും പൊതുഇടങ്ങളും ലഹരിമുക്തമാണെന്ന് ഉറപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളണം. പരിശോധന കർശനമാക്കണം.

പോലീസിന്റെയും എക്സൈസിന്റെയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കണം. ലഹരിവിൽപ്പന നടത്തുന്ന കടകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് കൈക്കൊള്ളണം. മയക്കുമരുന്ന് സാന്നിധ്യം കണ്ടെത്താനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങണം. സ്നിഫർ ഡോഗ് സാന്നിധ്യം വർദ്ധിപ്പിക്കണം. ആവശ്യമെങ്കിൽ മറ്റു സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് നടപടികളിലേക്കു നീങ്ങണം. ഓൺലൈൻ ലഹരി വ്യാപാരം തടയാനുള്ള നടപടികൾ ശക്തമാക്കും. എയർപോർട്ട്, റെയിൽവേ, തുറമുഖം എന്നിവ കേന്ദ്രീകരിച്ച് പരിശോധന ശക്തമാക്കണം. അതിർത്തികളിലെ പോലീസ് പരിശോധന ശക്തമാക്കണം.

കൊറിയറുകൾ, പാഴ്സലുകൾ, ടൂറിസ്റ്റ് വാഹനങ്ങൾ തുടങ്ങി കേരളത്തിന്റെ അതിർത്തിയിലേക്ക് കടന്നുവരുന്ന വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിവിധ വകുപ്പുകൾ നടപ്പാക്കിവരുന്ന ലഹരിവിരുദ്ധ പദ്ധതികൾ മന്ത്രിമാർ വിശദീകരിച്ചു. യോഗത്തിൽ മന്ത്രിമാരായ സജി ചെറിയാൻ, എം.ബി. രാജേഷ്, ഒ.ആർ. കേളു, ആർ. ബിന്ദു, വി. അബ്ദുറഹ്മാൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറിമാരായ എ. ജയതിലക്, കെ.ആർ. ജ്യോതിലാൽ, സംസ്ഥാന പോലീസ് മേധാവി ഷെയ്ക്ക് ദർവേഷ് സാഹിബ്, എ.ഡി.ജി.പിമാരായ മനോജ് എബ്രഹാം, പി. വിജയൻ, എക്സൈസ് കമ്മീഷണർ മഹിപാൽ യാദവ് തുടങ്ങിയവർ പങ്കെടുത്തു.

## പോളിടെക്നിക് പരീക്ഷ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 2015 റിവിഷൻ പ്രകാരം വിവിധ പോളിടെക്നിക് കോളേജുകളിൽ പ്രവേശനം നേടിയവരും എന്നാൽ ഇതുവരെ ഡിപ്ലോമ വിജയിക്കാത്തവരുമായ എല്ലാ വിദ്യാർത്ഥികൾക്കും (2015, 2016. 2017 വർഷങ്ങളിൽ അഡ്മിഷൻ നേടിയവർ ഉൾപ്പെടെ) സപ്ളിമെന്ററി വിഷയങ്ങൾ 2025 ഏപ്രിൽ പരീക്ഷയോടൊപ്പം എഴുതാവുന്നതാണ്.

വിദ്യാർത്ഥികൾക്ക് ഫൈനോടുകൂടി മാർച്ച് 24 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 26 വരെയും പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്യാം. വിശദ വിവരങ്ങൾ: www.sbte.kerala.gov.in .

## അധ്യാപക നിയമനം

ഗുരു ഗോപിനാഥ് നടനഗ്രാമത്തിലേക്ക് മോഹിനിയാട്ടം/ ഭരതനാട്യം അധ്യാപകനെ ആവശ്യമുണ്ട്. നൃത്തയിനത്തിൽ പി.ജി/ പി.ജി ഡിപ്ലോമയാണ് യോഗ്യത. പ്രായപരിധി 25-45 വയസ്. അപേക്ഷകൾ യോഗ്യതകൾ അടങ്ങുന്ന സർട്ടിഫിക്കറ്റുകളടക്കം ഓഫീസ് മുഖാന്തിരമോ, secretaryggng@gmail.com മെയിൽ ഐഡിയിലൂടെയോ മാർച്ച് 30 നകം സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക്: ഗുരു ഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്, തിരുവനന്തപുരം, ഫോൺ: 0471 2364771.

## അപേക്ഷ ക്ഷണിച്ചു

വിഴിഞ്ഞത്തെ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് റീജിയണൽ സെന്ററിൽ യങ് പ്രൊഫഷണൽ തസ്തികയിൽ രണ്ട് ഒഴിവുകളിലേക്കും ഫീൽഡ് സ്റ്റാഫിന്റെ ഒരു ഒഴിവിലേക്കും താൽക്കാലികാടിസ്ഥാനത്തിൽ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു.

വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് (www.cmfri.org.in) സന്ദർശിക്കാം. ഫോൺ : 0471 2480224.

# ഐ.എച്ച്.ആർ.ഡി ടെക നിക്കൽ ഹയർസെക്കന്ററി സ്കൂൾ എട്ടാം സ്റ്റാൻഡേർഡ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ കീഴിൽ എറണാകുളം ജില്ലയിൽ കലൂരിലും (04842347132/ 8547005008) കപ്രാശ്ശേരിയിലും (ചെങ്ങമനാട്, 0484-2604116/ 8547005015), മലപ്പുറം ജില്ലയിൽ വാഴക്കാട് (0483 2725215/ 8547005009), വട്ടംകുളം (04942681498/ 8547005012), പെരിന്തൽമണ്ണ (04933225086/ 8547021210) കോട്ടയം ജില്ലയിൽ പുതുപ്പള്ളി (04812351485/ 8547005013)യിലും, ഇടുക്കി ജില്ലയിൽ മുട്ടം, തൊടുപുഴ (04862255755/ 8547005014) എന്നിവിടങ്ങളിൽ പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി (0469 2680574/ 8547005010)യിലും പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂളുകളിൽ 2025-26 അദ്ധ്യയനവർഷത്തിൽ എട്ടാം സ്റ്റാൻഡേർഡ് പ്രവേശനത്തിന് അർഹരായവരിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷകൻ/ അപേക്ഷക 01.06.2025 നു 16 വയസ്സ് തികയാത്തവരായിരിക്കണം. ഏഴാം സ്റ്റാൻഡേർഡോ തത്തുല്യ പരീക്ഷയോ പാസ്സായവർക്കും പരീക്ഷാ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷകൾ നേരിട്ടും ihrd.kerala.gov.in/ വേ വെബ്സൈറ്റ് മുഖേന ഓൺലൈനായും സമർപ്പിക്കാം.

അപേക്ഷയുടെ രജിസ്ട്രേഷൻ ഫീസായി 110 രൂപ (എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് 55 രൂപ) അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെ ബാങ്ക് അക്കൗണ്ടിൽ അടച്ച്, പണമടച്ചതിന്റെ വിശദാംശങ്ങൾ ഓൺലൈൻ പോർട്ടലിൽ രേഖപ്പെടുത്തണം. അപേക്ഷാ ഫീസ് ബന്ധപ്പെട്ട സ്കൂൾ ഓഫീസിൽ പണമായോ, പ്രിൻസിപ്പലിന്റെ പേരിൽ മാറാവുന്ന ഡി.ഡി ആയോ നൽകാം. 2025-26 വർഷത്തെ പ്രോസ്പെക്ടസ് വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ഓൺലൈനായി ഏപ്രിൽ 7 വൈകിട്ട് 4 മണിവരെയും സ്കൂളിൽ നേരിട്ട് ഏപ്രിൽ 9 വൈകിട്ട് 4 മണിവരെയും സമർപ്പിക്കാം.

# 100 ആയുഷ് ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

## ആകെ 250 ആയുഷ് സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം; എല്ലാം നേടിയത് ഈ സർക്കാരിന്റെ കാലത്ത്

സംസ്ഥാനത്തെ 100 ആയുഷ് ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരമായ എൻ.എ.ബി.എച്ച്. ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ 61 ആയുർവേദ ഡിസ്പെൻസറികൾക്കും

ഒരു സിദ്ധ ഡിസ്പെൻസറിക്കും ഹോമിയോപ്പതി വകുപ്പിലെ 38 ഡിസ്പെൻസറികൾക്കുമാണ് എൻ.എ.ബി.എച്ച്. അംഗീകാരം ലഭ്യമായിരിക്കുന്നത്. ആദ്യഘട്ടത്തിൽ 150 സർക്കാർ ആയുഷ് സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിരുന്നു. ഇതോടെ ആകെ 250 ആയുഷ് സ്ഥാപനങ്ങൾക്കാണ് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിരിക്കുന്നത്. ഇവയെല്ലാം തന്നെ ഈ സർക്കാരിന്റെ കാലത്താണ് എൻ.എ.ബി.എച്ച്. അംഗീകാരം നേടിയത്.

എൻ.എ.ബി.എച്ച്. അംഗീകാരം ലഭിക്കുന്നതോടെ ആയുഷ് ആരോഗ്യ സേവന രംഗത്ത് മികച്ച ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കുമെന്ന് മാത്രമല്ല സംസ്ഥാനത്തെ ആരോഗ്യ ടൂറിസം രംഗത്തിനും മുതൽക്കൂട്ടാകും.

ആരോഗ്യ സ്ഥാപനങ്ങൾ വിവിധ ഗുണമേന്മാ മാനദണ്ഡങ്ങൾ കൈവരിക്കുന്നതിന്റെ പൊതു അംഗീകാരമാണ് എൻ.എ.ബി.എച്ച്. സർട്ടിഫിക്കേഷനിലൂടെ ലഭിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനം, രോഗീ സൗഹൃദം, രോഗീ സുരക്ഷ, ഔഷധഗുണമേന്മ, അണുബാധ നിയന്ത്രണം എന്നിവ ഉൾപ്പെടെയുള്ള സേവന നിലവാരങ്ങളുടെ വിലയിരുത്തലുകളെ തുടർന്നാണ് എൻ.എ.ബി.എച്ച്. അംഗീകാരം ലഭ്യമായത്.സംസ്ഥാനത്തെ മുഴുവൻ ആയുഷ് ആരോഗ്യ സ്വാസ്ത്യ കേന്ദ്രങ്ങളെയും നാഷണൽ ആയുഷ് മിഷന്റെ സഹകരണത്തോടെ ഘട്ടം ഘട്ടമായി എൻ.എ.ബി.എച്ച്. സർട്ടിഫിക്കേഷനിലേക്ക് നയിക്കുവാൻ സർക്കാർ തീരുമാനിച്ചതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

അടുത്ത ഘട്ടത്തിൽ 250 പ്രാഥമിക സ്ഥാപനങ്ങളെയും 6 ആയുഷ് ആശുപത്രികളെയും തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

# ഹരിതകർമ സേനാംഗങ്ങളുടെ ആരോഗ്യ സുരക്ഷ : 'ഇൻസ്പയർ' പദ്ധതി വഴി 26,223 പേർക്ക് ഇൻഷുറൻസ് പരിരക്ഷ

ഹരിതകർമ സേനാംഗങ്ങൾക്ക് ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി കുടുംബശ്രീയും യൂണൈറ്റഡ് ഇൻഷുറൻസ് കമ്പനിയും സംയുക്തമായി നടപ്പാക്കുന്ന 'ഇൻസ്പയർ' ഇൻഷുറൻസ് പദ്ധതിയിൽ ഈ വർഷം അംഗങ്ങളായത് 26,223 പേർ. ഹരിത കർമസേനയിലെ അംഗങ്ങളുടെ ആരോഗ്യ സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായാണ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത്.പതിനെട്ടു മുതൽ എഴുപത്തഞ്ച് വയസ് വരെയുള്ളവർക്ക് അതത് സി.ഡി.എസുകൾ മുഖേന ഇൻഷുറൻസ് പദ്ധതിയിൽ ചേരാനാകും. 1,384 രൂപയാണ് വാർഷിക പ്രീമിയം. ഇതിൽ അമ്പത് ശതമാനം കുടുംബശ്രീയും അമ്പത് ശതമാനം ഹരിതകർമസേനാ കൺസോർഷ്യത്തിൽ നിന്നുമാണ് നൽകുക. ഇതു പ്രകാരം ഓരോ അംഗവും 692 രൂപ വീതം അടച്ചാൽ മതിയാകും. ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് ആകെ രണ്ടു ലക്ഷം രൂപയാണ് ചികിത്സാ ആനുകൂല്യമായി ലഭിക്കുക. നിലവിലുള്ള അസുഖങ്ങൾക്കും 50,000 രൂപ വരെ ചികിത്സാ ആനുകൂല്യം ലഭിക്കും. ഇതുകൂടി ചേർത്താണ് രണ്ടു ലക്ഷം രൂപ പോളിസി ഉടമയ്ക്ക് ലഭിക്കുക. കഴിഞ്ഞ വർഷം വരെ ഒരു ലക്ഷം രൂപയായിരുന്നു പദ്ധതി വഴി ലഭിച്ചിരുന്ന ചികിത്സാ ആനുകൂല്യം. ഹരിതകർമ സേനാംഗങ്ങൾക്ക് എഴുപത്തഞ്ച് വയസു വരെ പദ്ധതിയിൽ ചേർന്ന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ കഴിയും.

# മംഗല്യസമുന്നതി, ഭവനസമുന്നതി പദ്ധതികളുടെ ധനസഹായ വിതരണോദ്ഘാടനം 26 ന്

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ വികസന കോർപ്പറേഷന്റെ മംഗല്യസമുന്നതി, ഭവനസമുന്നതി പദ്ധതികളുടെ ധനസഹായവിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മാർച്ച് 26 രാവിലെ 11 ന് ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ നിർവഹിക്കും. മന്നം മെമ്മോറിയൽ നാഷണൽ ക്ലബ് ആഡിറ്റോറിത്തിൽ നടക്കുന്ന പരിപാടിയിൽ ആന്റണി രാജു എംഎൽഎ അദ്ധ്യക്ഷനാകും.

പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ഡയറക്ടർമാരായ ഭവദാസൻ നമ്പൂതിരി പി വി, ഫാ. ജിജി തോമസ്, അഡ്വ. ടി കെ പ്രസാദ്, ബി ജയകുമാർ, അഡ്വ. കൊല്ലങ്കോട് രവീന്ദ്രൻ നായർ, കെ സി സോമൻ നമ്പ്യാർ, മുഹമ്മദ് റിയാസ്, ലക്ഷ്മി രഘുനാഥൻ,

മാനേജിംഗ് ഡയറക്ടർ ദേവി എൽ ആർ, ചെയർമാൻ കെ ജി പ്രേംജിത്ത്, കൗൺസിലർ ഹരികുമാർ സി തുടങ്ങിയവർ സംബന്ധിക്കും.

# പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി ഇൻ മെഡിക്കൽ മൈക്രോബയോളജി കോഴ്സിൽ പ്രവേശനം

കേരള സർക്കാർ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തലശ്ശേരി മലബാർ കാൻസർ സെന്ററിലെ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ആൻഡ് റിസർച്ച് സെന്ററിൽ മാസ്റ്റർ ഓഫ് സയൻസ് ഇൻ മെഡിക്കൽ മൈക്രോബയോളജി കോഴ്സിന് അപേക്ഷിക്കാം.

അപേക്ഷാഫീസ് പൊതുവിഭാഗത്തിനു 1500 രൂപയും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് 750 രൂപയുമാണ്. അപേക്ഷകർക്ക് മാർച്ച് 26 മുതൽ ഏപ്രിൽ 24 വരെ ഓൺലൈൻ വഴിയോ വെബ്സൈറ്റ് വഴി ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാഫീസ് ഒടുക്കാം. വ്യക്തിഗത അക്കാദമിക വിവരങ്ങൾ ഓൺലൈൻ ആയി [illegible] എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. യോഗ്യത സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്ന അവസരത്തിൽ അപ്ലോഡ് ചെയ്യാം.

ആകെ 10 സീറ്റുകളിലേക്കാണ് പ്രവേശനം. ഇതിൽ 20 ശതമാനം സീറ്റുകൾ എം.ബി.ബി.എസ്. അക്കാദമിക യോഗ്യതയുള്ളവർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നോ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്സ് അംഗീകരിച്ച ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി / എം.എൽ.റ്റി. (4 വർഷം) കോഴ്സ് പാസ്സായവരെ പരിഗണിക്കും. അപേക്ഷകർ അപേക്ഷാ സമർപ്പണത്തിന്റെ അവസാനതീയതിക്ക് മുൻപ് പ്രവേശനയോഗ്യത നേടിയിരിക്കണം. അക്കാദമിക യോഗ്യതാ പരീക്ഷയുടെ മൊത്തം മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള ഒരു കേന്ദ്രീകൃത അലോട്ട്മെന്റിലൂടെയാണ് കോഴ്സിലേക്കുള്ള പ്രവേശനം.

കൂടുതൽ വിവരങ്ങൾക്ക് 04712560363, 364 എന്ന നമ്പറുകളിൽ ബന്ധപ്പെടാം.

# പിണറായിയെ പുറത്താക്കാൻ ജനങ്ങൾ കാത്തിരിക്കുന്നു; അടുത്തത് യുഡിഎഫ് സർക്കാർ: കെ. സി. വേണുഗോപാൽ

തിരുവനന്തപുരം: പിണറായി വിജയന്റെ നേതൃത്തിലുള്ള എൽഡിഎഫ് സർക്കാരിനെ പുറത്താക്കാൻ ജനങ്ങൾ കാത്തിരുക്കുകയാണെന്ന് എഐസിസി ജനറൽ സെക്രട്ടറിയും എംപിയുമായ കെ. സി. വേണുഗോപാൽ. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ വൻ വിജയം നേടി യുഡിഎഫ് അധികാരത്തിലെത്തുമെന്നും വേണുഗോപാൽ അവകാശപ്പെട്ടു.

'മൂന്നാമതും ദുർഭൂതം വരാൻ പോകുന്നുവെന്ന് പ്രചാരണം നടക്കുന്നുണ്ട്. അതിൽ ചില മാധ്യമങ്ങൾക്കും പങ്കുണ്ട്. പി. ആർ വർക്കും ഉണ്ട്. ദൈവത്തിന്റെ സ്വന്തം നാട് പിണറായി ഭരണത്തിൽ ചെകുത്താന്റെ നാടാക്കി മാറ്റി. അതിന്നാൽ തന്നെ പിണറായിയെ പുറത്താക്കാൻ ജനം കാത്തിരിക്കുകയാണ്. '- കെ. സി. വേണുഗോപാൽ പറഞ്ഞു.

കോൺഗ്രസിൽ പ്രശ്നങ്ങളുണ്ടെന്നാണ് ചിലർ പ്രചരിപ്പിക്കുന്നതെന്നും വേണുഗോപാൽ പറഞ്ഞു. പാർട്ടിയിൽ മുഖ്യമന്ത്രി സ്ഥാനത്തിനായി നേതാക്കൾ തമ്മിൽ തകർക്കുമുണ്ടെന്നും ചിലർ പറയുന്നുണ്ട്. എന്നാൽ കോൺഗ്രസിൽ യാതൊരു തർക്കവുമില്ലെന്നും അദ്ദേഹം പറഞ്ഞു.

# കോഷൻ ഡെപ്പോസിറ്റ് കൈപ്പറ്റണം

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിങിൽ 2018-19 വർഷത്തിൽ അഡ്മിഷൻ നേടിയ എം.ടെക്/ എം.സി.എ/ എം.ആർക് വിദ്യാർഥികൾ കോഴ്സ് പൂർത്തിയായതിന് ശേഷവും കോഷൻ ഡെപ്പോസിറ്റ് തുക തിരികെ കൈപ്പറ്റിയിട്ടില്ലെങ്കിൽ അപേക്ഷ, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് സഹിതം ഏപ്രിൽ 30 നകം സ്ഥാപനത്തിൽ സമർപ്പിച്ച് തുക കൈപ്പറ്റേണ്ടതാണ്. അല്ലാത്ത പക്ഷം തുക സർക്കാരിലേക്ക് മുതൽ കൂട്ടുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## സംസ്ഥാന പരിസ്ഥിതി മിത്രം പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം

സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് 2025 ലെ പരിസ്ഥിതി മിത്രം പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. മികച്ച പരിസ്ഥിതി സംരക്ഷകൻ, പരിസ്ഥിതി ഗവേഷകൻ, പരിസ്ഥിതി പത്ര പ്രവർത്തകൻ, പരിസ്ഥിതി ദൃശ്യ മാധ്യമ പ്രവർത്തകൻ, പരിസ്ഥിതി സംരക്ഷണ സ്ഥാപനം, പരിസ്ഥിതി സംരക്ഷണ തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നീ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. വിശദാംശങ്ങൾ https://schemes.envt.kerala.gov.in/award/home വെബ് ലിങ്കിൽ ലഭ്യമാണ്. അപേക്ഷകളും അനുബന്ധ രേഖകളും വെബ് പോർട്ടലിലൂടെ മാർച്ച് 31ന് മുമ്പായി സമർപ്പിക്കണം.

## പരീക്ഷാ പുനർമൂല്യനിർണ്ണയത്തിന്റെ ഫലം പ്രസിദ്ധീകരിച്ചു

സാങ്കേതിക വകുപ്പ് പരീക്ഷ കൺട്രോളർ 2024 നവംബറിൽ നടത്തിയ ഡിപ്ലോമ പരീക്ഷയുടെ പുനർ മൂല്യനിർണ്ണയത്തിന്റെ ഫലം ംww.sbte.kerala.gov.in വെബ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## വൈസ് ചാൻസലർ നിയമനം

കൊച്ചി നുവാൽസിൽ വൈസ്ചാൻസലർ നിയമനത്തിന് യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഏപ്രിൽ 16 ന് വൈകിട്ട് 5 മണിക്കകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് : www.nuals.ac.in

# മനുഷ്യ വന്യജീവി സംഘർഷം:
## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണ ഉറപ്പാക്കാൻ വനം വകുപ്പ്

മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പിന്തുണയും സഹകരണവും ഉറപ്പാക്കി വനം വകുപ്പ്.

തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ വനം വകുപ്പിന് കൂടി പ്രയോജനകരമാകുന്നതിനും, ജൈവവൈവിധ്യ സംരക്ഷണത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സംഭാവന ഉറപ്പുവരുത്തുന്നതിനുമായി ഒരു ഏകദിന ശിൽപശാല തിരുവനന്തപുരം തൈക്കാട് സർക്കാർ അതിഥിമന്ദിരത്തിൽ സംഘടിപ്പിച്ചു.

വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങുന്നത് തടയുന്നതിനായി നിർമ്മിക്കുന്ന സോളാർ വേലികൾ, കിടങ്ങുകൾ, ബെൽറ്റ് പ്ലാന്റേഷൻ മുതലായവയുടെ നിർമ്മാണത്തിലും പരിപാലനത്തിലും തൊഴിലുറപ്പ് പങ്കാളിത്തം പരമാവധി ഉറപ്പാക്കുവാൻ ശില്പശാലയിൽ തീരുമാനിച്ചു.

വനത്തിൽ കുളങ്ങൾ, ചെക്ക്ഡാമുകൾ, ഫലവൃക്ഷങ്ങൾ നടീൽ മുതലായ ആവാസവ്യവസ്ഥാ പരിപോഷണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനും സെമിനാറിൽ ധാരണയായി.

ജില്ലാതലത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും തൊഴിലുറപ്പ് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരും കൂടിയാലോചിച്ച് കർമ്മ പദ്ധതികൾ ആവിഷ്കരിക്കാനും, സംസ്ഥാന തലത്തിൽ നിരീക്ഷണം നടത്തുവാനും സെമിനാറിൽ തീരുമാനിച്ചു.

ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ അധ്യക്ഷത വഹിച്ച യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, ജോയിന്റ് ഡയറക്ടർ രവിരാജ്, അസിസ്റ്റന്റ് ഡയറക്ടർ ബാലാദേവി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അംഗം ഡോ. വി. ബാലകൃഷ്ണൻ, തൊഴിലുറപ്പ് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ, വനം വകുപ്പിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

# നോർക്ക ട്രിപ്പിൾ വിൻ, ജർമ്മനിയിൽ 250 നഴ്സിങ് ഒഴിവുകൾ
## ഇപ്പോൾ അപേക്ഷിക്കാം. പ്രതിമാസ ശമ്പളം 2300 –2900 യൂറോ വരെ

കേരളത്തിൽ നിന്നും ജർമ്മനിയിലേയ്ക്കുള്ള നഴ്സിങ് റിക്രൂട്ട്മെന്റിനായുള്ള നോർക്ക ട്രിപ്പിൾ വിൻ കേരള പദ്ധതിയുടെ എഴാം ഘട്ടത്തിലെ 250 ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.

ജർമ്മനിയിലെ ഹോസ്പിറ്റലുകളിലേയ്ക്കാണ് നിയമനം. ഉദ്യോഗാർത്ഥികൾ www. norkaroots. org, www. nifl. norkaroots. org എന്നീ വെബ്സൈറ്റുകൾ മുഖേന 2025 ഏപ്രിൽ ആറിനകം അപേക്ഷ നൽകേണ്ടതാണെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി അറിയിച്ചു. ബി. എസ്. സി/ജനറൽ നഴ്സിങാണ് അടിസ്ഥാന യോഗ്യത. ബി. എസ്. സി/ പോസ്റ്റ് ബേസിക് ബി എസ് സി യോഗ്യതയുള്ളവർക്ക് തൊഴിൽ പരിചയം ആവശ്യമില്ല. എന്നാൽ ജനറൽ നഴ്സിങ് പാസ്സായവർക്ക് രണ്ടു വർഷത്തെ പ്രവൃത്തി പരിചയം നിർബന്ധമാണ്. ഉയർന്ന പ്രായപരിധി 2025 മേയ് 31ന് 38 വയസ്സ് അധികരിക്കരുത്. ഷോർട്ട്ലിസ്റ്റു ചെയ്യപ്പെടുന്നവർക്കായുള്ള അഭിമുഖം 2025 മേയ് 20 മുതൽ 27 വരെ എറണാകുളത്തും തിരുവനന്തപുരത്തുമായി നടക്കും. കുറഞ്ഞ പ്രതിമാസ ശമ്പളം 2300 യൂറോയും രജിസ്റ്റേർഡ് നഴ്സ് തസ്തികയിൽ പ്രതിമാസം 2900 യൂറോയുമാണ്. പദ്ധതിയിലേയ്ക്ക് അപേക്ഷിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ജർമ്മൻ ഭാഷ പരിജ്ഞാനം നിർബന്ധമില്ല. എന്നാൽ ഇതിനോടകം ജർമ്മൻ ഭാഷയിൽ ബി1,ബി2 യോഗ്യത നേടിയവരെ ഫാസ്റ്റ്ട്രാക്ക് പ്രോഗ്രാമിലൂടെ പരിഗണിക്കുന്നതാണ്.

തെരഞ്ഞെടുക്കപ്പെടുന്നവർ എറണാകുളം/തിരുവനന്തപുരം സെന്ററിൽ ജർമ്മൻ ഭാഷാ പരിശീലനത്തിൽ (ബി-1 വരെ) പങ്കെടുക്കേണ്ടതാണ്. ഒൻപതു മാസത്തോളം നീളുന്ന ഈ പരിശീലനം പൂർണ്ണമായും സൗജന്യമായിരിക്കും. ജർമ്മനിയിൽ നിയമനത്തിനു ശേഷം ബി. 2 ലെവൽ പരിശീലനവും ലഭിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിമാന ടിക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും സൗജന്യമാണ്. ആദ്യ ചാൻസിൽ ജർമ്മൻ ഭാഷയിൽ എ2 അല്ലെങ്കിൽ ബി1 പാസ്സാവുന്നവർക്ക് 250 യൂറോ ബോണസ്സിനും അർഹതയുണ്ട്. രജിസ്റ്റേർഡ് നഴ്സ് ആകുന്ന മുറയ്ക്ക് കുടുംബാംഗങ്ങളേയും കൂടെ കൊണ്ട് പോകുവാനുള്ള അവസരമുണ്ട്. കേരളീയരായ ഉദ്യോഗാർത്ഥികൾക്ക് മാത്രമാകും ട്രിപ്പിൾ വിൻ പദ്ധതിയിലേക്ക് അപേക്ഷിക്കാനാവുക. നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെൻറ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇൻറർനാഷണൽ കോ-ഓപ്പറേഷനും സംയുക്തമായി നടപ്പാക്കുന്ന നഴ്സിങ് റിക്രൂട്ട്മെന്റ് പദ്ധതിയാണ് ട്രിപ്പിൾ വിൻ കേരള. കൂടുതൽ വിവരങ്ങൾക്ക് 0471 2770577,536,540, 544 എന്നീ നമ്പറുകളിലോ 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

## കേന്ദ്ര ആരോഗ്യമന്ത്രാലയവുമായുള്ള ചർച്ച; ആശാസമരം അജണ്ടയിലില്ലെന്ന് കെ. വി. തോമസ്

ന്യൂഡൽഹി: കേന്ദ്ര ആരോഗ്യമന്ത്രാലയവുമായി ചർച്ചയ്ക്ക് പോകുന്നത് ആശാസമരം ചർച്ച ചെയ്യാനല്ലെന്ന് സംസ്ഥാനസർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി കെ. വി. തോമസ്. ആശാസമരം മാധ്യമങ്ങൾക്ക് മാത്രമാണ് വലിയ കാര്യം. ഡൽഹിയിൽ അതേക്കുറിച്ച് ഒരു ചർച്ചയുമില്ലെന്ന് തോമസ് പറഞ്ഞു.

എയിംസാണ് ചർച്ചയുടെ അജണ്ട. അതാണ് സർക്കാർ തന്നെ ഏൽപ്പിച്ച കാര്യം. ആശമാരുടെ കാര്യം ചർച്ച ചെയ്യാൻ സർക്കാർ പറഞ്ഞിട്ടില്ല. തന്നെ ഏൽപ്പിക്കുന്ന കാര്യമല്ലേ തനിക്ക് ചെയ്യാൻ കഴിയൂവെന്നും തോമസ് കൂട്ടിച്ചേർത്തു. അതേസമയം സെക്രട്ടേറിയറ്റ് പടിക്കൽ ആശാ വർക്കർമാർ ഇന്ന് കൂട്ട ഉപവാസം നടത്തും. പ്രതിഷേധം ശക്തമാക്കുന്നതിന്റെ ഭാഗമായാണ് നടപടി.

സമരപ്പന്തലിലെ ആശമാർക്ക് പിന്തുണ പ്രഖ്യാപിച്ച് വീടുകളിലും ഉപവാസമിരിക്കുമെന്ന് ആശമാർ അറിയിച്ചു. ഓണറേറിയം വർധിപ്പിക്കണമെന്നതടക്കമുള്ള ആവശ്യങ്ങളുമായി ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന രാപ്പകൽ സമരം നാൽപ്പത്തിമൂന്നാം ദിവസവും തുടരുകയാണ്.

## സെക്സ് റാക്കറ്റ് തകർത്ത് പോലീസ്; പ്രായപൂർത്തിയാകാത്ത മൂന്ന് പേരുൾപ്പെടെ 23 പേരെ രക്ഷപ്പെടുത്തി

ന്യൂഡൽഹി: പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ ഉൾപ്പെടെ 23 പേരെ സെക്സ് റാക്കറ്റിന്റെ പിടിയിൽ നിന്ന് മോചിപ്പിച്ച് ഡൽഹി പോലീസ്. മൂന്ന് പെൺകുട്ടികളും പത്ത് നേപ്പാൾ സ്വദേശികളും ഉൾപ്പെടെയുള്ള ഇരകളെയാണ് പോലീസ് വൻ ഓപ്പറേഷനിൽ മോചിപ്പിച്ചത്. ഡൽഹി പഹർഗഞ്ച് കേന്ദ്രീകരിച്ചായിരുന്നു സംഘം പ്രവർത്തിച്ചിരുന്നത്. നേപ്പാളിന് പുറമെ പശ്ചിമ ബംഗാൾ ഉൾപ്പെടെയുള്ള ഇതര സംസ്ഥാനക്കാരായ സ്ത്രീകളെയാണ് മനുഷ്യക്കടത്തിന് വിധേയമാക്കി ഡൽഹിയിൽ എത്തിച്ച് സെക്സ് റാക്കറ്റിന്റെ ഭാഗമാക്കിയിരുന്നതെന്ന് ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. നർഷെഡ് ആലം (21), എം. ഡി. രാഹുൽ ആലം (22), അബ്ദുൾ മന്നൻ (30), തൗഷിഫ് റെക്സ, ഷമീം ആലം (29), എം. ഡി. ജറുൾ (26), മോനിഷ് (26) എന്നിവരാണ് അറസ്റ്റിലായത്.

പഹർഗഞ്ചിൽ കെട്ടിടം കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവന്നിരുന്ന സംഘം നഗരത്തിലെ ഹോട്ടലുകളിലേക്ക് സ്ത്രീകളെ എത്തിച്ച് നൽകുന്ന തരത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ദിവസങ്ങൾ നീണ്ട നിരീക്ഷണത്തിന് ഒടുവിലാണ് സംഘത്തെ വലയിലാക്കിയത്. നിയമവിരുദ്ധ പ്രവർത്തനങ്ങൾ സ്ഥിരീകരിച്ചതോടെ ഒരേ സമയം പല ഇടങ്ങളിൽ ഒന്നിച്ച് പരിശോധന നടത്തിയതോടെയാണ് സംഘം കുടുങ്ങിയത്. സ്കൂട്ടറുകളിലായിരുന്നു വിവിധ ഇടങ്ങളിലേക്ക് ഇവർ സ്ത്രീകളെ എത്തിച്ചിരുന്നത് എന്നും പോലീസ് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടി.

## മകനെ കഴുത്തറത്ത് കൊന്നു; അമേരിക്കയിൽ ഇന്ത്യൻവംശജയായ സ്ത്രീ അറസ്റ്റിൽ

വാഷിംഗ്ടൺ ഡിസി: അമേരിക്കയിൽ മകനെ കൊലപ്പെടുത്തിയ ഇന്ത്യൻ വംശജയായ സ്ത്രീ അറസ്റ്റിൽ. 48കാരിയായ സരിത രാമരാജുവാണ് അറസ്റ്റിലായത്. 11കാരനായ മകനെയാണ് ഇവർ കഴുത്തറത്ത് കൊലപ്പെടുത്തിയത്. ഇവരുടെ കൈയിൽ നിന്നും കൊലപാതകം നടത്താൻ ഉപയോഗിച്ച അടുക്കളയിൽ ഉപയോഗിക്കുന്ന കത്തി കണ്ടെത്തിയിട്ടുണ്ട് 2018ൽ രാമരാജു ഭർത്താവുമായി വിവാഹമോചിതയായിരുന്നു. വിവാഹമോചനത്തിന് ശേഷം ഭർത്താവിനൊപ്പമായിരുന്ന മകനെ മൂന്ന് ദിവസത്തെ അവധിആഘോഷിക്കാൻ സരിത ഡിസ്നിലാൻഡിലേക്ക് കൊണ്ടുപോയിരുന്നു. ഡിസ്നിലാൻഡിലെ സന്ദർശനത്തിന് ശേഷം മകനുമായി തിരിച്ചെത്തിയ ഇവർ അടുക്കളയിൽ ഉപയോഗിക്കുന്ന കത്തി ഉപയോഗിച്ച് മകനെ കൊലപ്പെടുത്തുകയായിരുന്നു. തുടർന്ന് ജീവനൊടുക്കാൻ വിഷം കഴിച്ച ഇവർ തന്നെ ഇക്കാര്യം പോലീസിനെ അറിയിക്കുകയും ചെയ്തു. തുടർന്ന് പോലീസ് ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഭർത്താവ് പ്രകാശ് രാജുവുമായി കഴിഞ്ഞ ഒരു വർഷമായി ഇവർ മകന് വേണ്ടിയുള്ള നിയമപോരാട്ടത്തിലാണ്. ഇതിനിടയിലാണ് ക്രൂരമായ കൊലപാതകം നടന്നത്. നിലവിൽ സരിത രാമരാജുവിനെതിരെ ചുമത്തപ്പെട്ട കുറ്റങ്ങൾ തെളിയക്കപ്പെട്ടാൽ അവർക്ക് പരമാവധി 26 വർഷം ജയിൽശിക്ഷ ലഭിക്കുമെന്ന് കാലിഫോർണിയയിലെ ഓറഞ്ച് കൺട്രി ജില്ലാ അറ്റോണി പറഞ്ഞു. 2018ൽ രാമരാജു ഭർത്താവുമായി വിവാഹമോചിതയായിരുന്നു.

## താമിർ ജിഫ്രി കസ്റ്റഡി മരണക്കേസ്; കുറ്റപത്രം കോടതി മടക്കി

മലപ്പുറം: താമിർ ജിഫ്രി കസ്റ്റഡി മരണക്കേസിൽ സിബിഐ സമർപ്പിച്ച കുറ്റപത്രം കോടതി മടക്കി. എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടേതാണ് നടപടി.

കുറ്റപത്രത്തിലെ ചില തീയതികൾ രേഖപ്പെടുത്തിയതിൽ സംഭവിച്ച പിഴവുകൾ ശ്രദ്ധയിൽപ്പെട്ടതോടെയാണ് കോടതി കുറ്റപത്രം മടക്കിയത്. കോടതി നിർദേശിച്ച പിഴവുകൾ തിരുത്തി കുറ്റപത്രം വീണ്ടും സമർപ്പിക്കുമെന്നും സിബിഐ അഭിഭാഷകർ അറിയിച്ചു.

എംഡിഎംഎ കൈവശം വച്ചെന്ന കേസിൽ അറസ്റ്റിലായ താമിർ ജിഫ്രി തിരൂർ പോലീസിന്റെ കസ്റ്റഡിയിലിരിക്കെയാണ് മരിച്ചത്. 2023 ഓഗസ്റ്റ് ഒന്നിനായിരുന്നു സംഭവം. താമിർ ജിഫ്രിയുടെ ശരീരത്തിൽ മർദനമേറ്റ 21 മുറിപ്പാടുകൾ ഉണ്ടായിരുന്നതായി ശരീരപരിശോധനാ റിപ്പോർട്ടിൽ ഉണ്ടായിരുന്നു.

ഇതിൽ 19 മുറിവുകൾ മരണത്തിന് മുൻപും രണ്ടു മുറിവുകൾ മരണത്തിന് ശേഷവും സംഭവിച്ചതെന്ന് റിപ്പോർട്ടിൽ പറയുന്നു. ആദ്യം ക്രൈംബ്രാഞ്ച് അന്വേഷിച്ച കേസ് പിന്നീട് സിബിഐ ഏറ്റെടുക്കുകയായിരുന്നു.

സംഭവത്തിൽ എട്ട് പോലീസുകാരെ പ്രതിചേർത്ത് ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചിരുന്നു. പിന്നീട് ഇവരെല്ലാം ജാമ്യം നേടി പുറത്തിറങ്ങിയിരുന്നു.

## തെളിവെടുപ്പ് യോഗം

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷൻ മാർച്ച് 29 രാവിലെ 11 മണിക്ക് എറണാകുളത്തെ കാക്കനാട്ടുള്ള കേരള ബാങ്കിന്റെ കോർപ്പറേറ്റ് ഓഫീസിൽ മുന്നോക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ജാതി / മത സംവരണം ലഭിക്കുന്നതുമായ വിഭാഗങ്ങളെ (ഇടക / ഇവാഞ്ചലിക്കൽ ചർച്ച് / പെന്തക്കോസ്ത് / കമ്മല്ലാർ / പരിവർത്തനം ചെയ്യപ്പെട്ട സിറിയൻ കാത്തലിക്ക് / ബ്രദറിൻ സഭ / യഹോവ സാക്ഷികൾ / സെവന്ത് ഡേ അഡ്വന്റിസ്റ്റ്) പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് തെളിവെടുപ്പ് യോഗം നടത്തും. ബന്ധപ്പെട്ട വ്യക്തികളും സംഘടനകളും യോഗത്തിൽ സംബന്ധിച്ച് തെളിവുകൾ ഹാജരാക്കണം. തെളിവുകൾ സമർപ്പിക്കാത്ത പക്ഷം സംഘടനകളെ/ സമുദായങ്ങളെ ഏഛര(ങ്ങ) 114/2021/ഏഅഉ റേ 03.06.2021 നമ്പർ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ശിപാർശ സർക്കാരിന് നൽകുമെന്ന് മെമ്പർ സെക്രട്ടറി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 0471 2325573, 9074720012.

## കരാർ നിയമനം

അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്രത്തിന്റെ (ഐസിഫോസ്) ഗവേഷണ മേഖലകളായ ഓപ്പൺ ഹാർഡ്‌വെയർ, ഓപ്പൺ ഐ ഒ റ്റി എന്നിവയിലെ പ്രോജക്ടുകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

പ്രവൃത്തി പരിചയമുള്ള ബി.ടെക്/ എം.ടെക്/ ഐ.ടി.ഐ/ വി.എച്ച്.എസ്.ഇ/ ഡിപ്ലോമ/ ബി.എസ്സി/ എം.എസ്സി/ എം.ബി.എ ബിരുദധാരികൾ മാർച്ച് 29 ന് ഐസിഫോസിൽ നടക്കുന്ന അഭിമുഖത്തിൽ സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും ബയോഡാറ്റയുമായി പങ്കെടുക്കണം.

കൂടുതൽ വിവരങ്ങൾക്ക് : https://icfoss.in, 0471 2700012 / 13 / 14, 0471 2413013, 9400225962.

## നിയമനം

കൊച്ചി നുവാൽസിൽ അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ സ്ഥിര നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 7 നകം അപേക്ഷകൾ സമർപ്പിക്കണം.കൂടുതൽ വിവരങ്ങൾക്ക് : www.nuals.ac.in

## അവധിക്കാല ക്യാമ്പ്: 30 വരെ അപേക്ഷിക്കാം

ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ കളിയും ചിരിയും അവധിക്കാല ക്യാമ്പ് ഏപ്രിൽ 2ന് ആരംഭിക്കും. രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെ നടനഗ്രാമം ക്യാമ്പസ്സിൽ ആണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. കുട്ടികളിൽ അവരിലെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിച്ചെടുക്കാനും മാനസിക വളർച്ചയും സൗഹാർദ്ദവും കരുതലും ഉറപ്പാക്കാൻ സഹായമാകും വിധത്തിലാണ് മെയ് 30 വരെ വേനൽ കൂട്ടായ്മ ഒരുക്കിയിരിക്കുന്നത്. ദൈനംദിന ക്യാമ്പിനൊപ്പം യോഗാ പരിശീലനം, വിശിഷ്ട വ്യക്തികളുമായുള്ള സംവാദം, അഭിമുഖം, ചലച്ചിത്ര പഠന ആസ്വാദന ക്യാമ്പ്, വിനോദയാത്ര, പുസ്തക പരിചയം തുടങ്ങിയവ നടക്കും. രണ്ടു മാസത്തെ ക്യാമ്പിന്റെ അവസാന ദിവസം കളിയരങ്ങ് എന്ന പേരിൽ ഒരു ദിവസത്തെ കലാ കായിക പരിപാടികൾ നടനഗ്രാമത്തിൽ സംഘടിപ്പിക്കും. അപേക്ഷകൾ മാർച്ച് 30 വൈകിട്ട് 5 മണിക്ക് മുമ്പായി നടനഗ്രാമത്തിൽ എത്തി നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ചു നൽകണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2364771, 8547913916.

## പിഎൻബി തട്ടിപ്പ്: മെഹുൽ ചോക്സി ഭാര്യയ്ക്കൊപ്പം ബെൽജിയത്തിലെന്ന് റിപ്പോർട്ട്

ന്യൂഡൽഹി: കോടികളുടെ തട്ടിപ്പ് കേസിന് പിന്നാലെ ഇന്ത്യയിൽ നിന്ന് മുങ്ങിയ രത്ന വ്യാപാരി മെഹുൽ ചോക്സി ബെൽജിയത്തിലുണ്ടെന്ന് റിപ്പോർട്ട്. ഭാര്യ പ്രീതി ചോക്സിക്കൊപ്പം മെഹുൽ ബെൽജിയത്തിലെ ആൻറ്വെർപ്പിൽ താമസിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. ചോക്സിയെ വിട്ടുകിട്ടാനുള്ള നടപടികൾ ഇന്ത്യ ആരംഭിച്ചു.

പഞ്ചാബ് നാഷണൽ ബാങ്കിൽനിന്നും 13,500 കോടി തട്ടിയ കേസിലെ പ്രതിയായ മെഹുൽ ചോക്സി കരീബിയൻ ദ്വീപ് രാഷ്ട്രമായ ആൻറിഗ്വ ആൻഡ് ബാർബുഡയിലാണ് നേരത്തെ താമസിച്ചിരുന്നത്. എന്നാൽ ഇന്ത്യയിലെയും ആൻറിഗ്വ ആൻഡ് ബാർബുഡയിലെയും പൗരത്വം മറച്ചുവെച്ചാണ് മെഹുൽ ബെൽജിയൻ പൗരത്വം നേടിയതെന്നാണ് റിപ്പോർട്ട്. ഇയാളുടെ ഭാര്യ ബെൽജിയം പൗരയാണ്. പഞ്ചാബ് നാഷണൽ ബാങ്ക് കൺസോർഷ്യവുമായി ബന്ധപ്പെട്ട് വിവിധ ബാങ്കുകളിൽ നിന്ന് 13,500 കോടി രൂപ വായ്പയെടുത്ത് മെഹുൽ ചോക്സിയും അനന്തരവൻ നീരവ് മോദിയും തിരിച്ചടക്കാതെ രാജ്യംവിടുകയായിരുന്നു. നിലവിൽ ലണ്ടനിലെ ജയിലിൽ കഴിയുകയാണ് നീരവ് മോദി.

## അപേക്ഷ ക്ഷണിച്ചു

വൈലോപ്പിള്ളി സംസ്കൃതിഭവനും ഐ.എച്ച്.ആർ.ഡിയും സംയുക്തമായി വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ആരംഭിക്കുന്ന ആറു മാസത്തെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഒഴിവുള്ള ഏതാനും സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ പത്താം ക്ലാസ്സ് പാസ്സായിരിക്കണം. രജിസ്ട്രേഷൻ ഫീസ് 150 രൂപ. യോഗ്യതാ സർട്ടിഫിക്കറ്റ്, ആധാർ എന്നിവയുടെ പകർപ്പും ഫോട്ടോയും അപേക്ഷയോടൊപ്പം സമർപ്പിക്കണം.

താത്പര്യമുള്ളവർ സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ, നന്ദൻകോട്, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ: 0471 2311842, 9495977938.

## നഗരനയ കമ്മിഷന്റെ സിറ്റിങ്ങ് ആരംഭിച്ചു

കേരള നഗരനയ കമ്മിഷന്റെ അന്തിമ സിറ്റിങ്ങ് ആരംഭിച്ചു. കമ്മിഷന്റെ സമ്പൂർണ്ണ റിപ്പോർട്ട് സിറ്റിങ്ങിനു ശേഷം സർക്കാരിന് സമർപ്പിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് യോഗത്തെ അഭിസംബോധന ചെയ്തു.

സംസ്ഥാനത്ത് സ്ഥലീയ ആസൂത്രണം ശക്തിപ്പെടുത്തണമെന്ന് യോഗം അഭിപ്രായപ്പെട്ടു. നഗരനയ കമ്മീഷന്റെ നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ പരിശീലനം നൽകണം. ഭൂവിനിയോഗത്തിലുള്ള നിയന്ത്രണങ്ങളെ കുറിച്ച് പഠിച്ച് ലഭ്യമായ ഭൂമി പ്രായോഗികമായ രീതിയിൽ ഉപയോഗിക്കാനാവണമെന്നും യോഗത്തിൽ നിർദ്ദേശമുയർന്നു.

ജലമാലിന്യ നിർമാർജനത്തിന് പുതിയ വഴികൾ തേടണമെന്നും വർദ്ധിച്ചു വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആവാസകാര്യങ്ങൾ പുതിയ നഗരനയത്തിൽ ഉൾപ്പെടുത്തണമെന്നും യോഗം അഭിപ്രായപ്പെട്ടു. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനം, സാംസ്ക്കാരികമായ പ്രത്യേകതകൾ എന്നിവ കൂടി കണക്കിലെടുത്താവണം പുതിയ നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ളവ ആസൂത്രണം ചെയ്യേണ്ടത്.

ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, കമ്മിഷൻ ചെയർമാൻ ഡോ. എം.സതീഷ് കുമാർ, ഉപാധ്യക്ഷനായ ഡോ. നാരായണൻ എടാതൻ, ഗുരുവായൂർ മുനിസിപ്പൽ ചെയർമാൻ എം. കൃഷ്ണദാസ്, കമ്മിറ്റി അംഗങ്ങളായ ടിക്കേന്ദർ സിങ്ങ് പൻവർ, വി. സുരേഷ്, ഹിതേഷ് വൈദ്യ, ഡോ. അശോക് കുമാർ, ഡോ. വൈ. വി. എൻ. കൃഷ്ണമൂർത്തി, പ്രൊഫ. കെ.റ്റി. രവീന്ദ്രൻ, പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ്, സ്പെഷൽ സെക്രട്ടറി ടി.വി. അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, അർബൻ ഡയറക്ടർ സൂരജ് ഷാജി, കില ഡയറക്ടർ ഇൻചാർജ് ടോബി തോമസ്, അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കാളിയത്ത് എന്നിവർ പങ്കെടുത്തു.



കേരള നഗര നയ കമ്മിഷൻ സിറ്റിങ്ങിൽ നിന്ന്

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വ്യവസായ വളർച്ചക്കൊപ്പം പരിസ്ഥിതിസംരക്ഷണവും ഉറപ്പാക്കുന്ന കേരളവികസന മാതൃക സൃഷ്ടിക്കും : മുഖ്യമന്ത്രി

വ്യവസായ വളർച്ചക്കൊപ്പം പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന കേരള വികസന മാതൃകയുടെ പുതിയൊരു പതിപ്പ് സൃഷ്ടിക്കണം എന്നതാണ് സംസ്ഥാന സർക്കാർ നിലപാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ലോക ജലദിനത്തോടനുബന്ധിച്ച് ഹരിതകേരളം മിഷൻ ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ച ദ്വിദിന പരിസ്ഥിതി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ശാസ്ത്രീയ മാലിന്യ സംസ്കരണം, നെറ്റ് സീറോ കാർബൺ കേരളം എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനം മുന്നോട്ട് പോവുകയാണ്. ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ ദ്വിദിന ശിൽപ്പശാലയുടെ ഭാഗമായുള്ള ചർച്ചകളിൽ നിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ കേരളത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ സഹായകരമാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഈ വർഷത്തെ ലോക ജലദിനത്തിന്റെ പ്രതിപാദ്യ വിഷയം ഹിമാനികളുടെ സംരക്ഷണമാണ്. ഹിമാനികൾ ഉരുകുന്ന വെള്ളം നമ്മുടെ പല ആവശ്യങ്ങൾക്കും ഉപയോഗിച്ചു വരുന്നതാണ്. എന്നാൽ അനിയന്ത്രിമായ ഹിമാനികളുടെ ഉരുകൽ കാരണം പരിസ്ഥിതിക്ക് വലിയ ദുരന്തം സംഭവിക്കും. ജലവിതാനം ഉയരുന്നത് പ്രളയമടക്കമുള്ള ദുരന്തങ്ങൾക്ക് കാരണമാകുന്നു. ഈ വിഷയത്തിൽ ബോധവത്കരണം നടത്തുന്നതിന് വേണ്ടിയാണ് ഹിമാനികളുടെ സംരക്ഷണം എന്ന പ്രമേയം ചർച്ച ചെയ്യുന്നത്. കേരളത്തെ സംബന്ധിച്ചു ഈ വിഷയം വളരെ പ്രാധാന്യമുള്ളതാണ്. നദികളും കായലുകളും സമുദ്രതീരവുമുള്ള നമ്മുടെ നാടിന്റെ ജലവിതാനം ക്രമാതീതമായി വർദ്ധിക്കുന്നത് അപകടകരമാണ്.

പരിസ്ഥിതി മലിനീകരണത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും ദൂഷ്യവശം കേരളമടക്കമുള്ള സംസ്ഥാനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആഗോളതാപനം കുറയ്ക്കുന്നതിനുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ ഉണ്ടാവണം. കേരളം വലിയതോതിലുള്ള വികസനത്തിന് സാക്ഷ്യം വഹിക്കുകയാണ്.

ഐടി, ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിൽ നിരവധി സംരംഭങ്ങളാണ് കേരളത്തിൽ ആരംഭിച്ചിരിക്കുന്നത്. വിഴിഞ്ഞം തുറമുഖവും അനുബന്ധ റോഡ് റെയിൽവേ വികസനമടക്കം വേഗത്തിൽ പൂർത്തിയാവുകയാണ്. പുതിയ സംരംഭങ്ങൾക്ക് ആവശ്യമായ ജല



ലോക ജലദിനത്തോടനുബന്ധിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന പരിസ്ഥിതി സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

ലഭ്യത, കുറ്റമറ്റ രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കണം. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാങ്കേതികമായി മാലിന്യ സംസ്കരണത്തിലടക്കം സാങ്കേതികസഹായം ഉറപ്പാക്കുന്നതിന് ഹരിത കേരളം മിഷൻ മാതൃകാപരമായ പ്രവർത്തനം നടത്തുന്നുണ്ട്.

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജല ബജറ്റ് പാസാക്കുകയും അതനുസരിച്ച് തുടർപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക ജല സ്രോതസ്സുകൾ, പുൽമേടുകൾ, കനാലുകൾ ഇവയെല്ലാം ജല ലഭ്യത ഉറപ്പാക്കുന്നതിൽ നിർണായക പങ്കാണ് വഹിക്കുന്നത്. ഇവയുടെ സംരക്ഷണം പ്രാദേശിക തലത്തിൽ ഉറപ്പാക്കുകയും വെള്ളം കെട്ടിക്കിടന്ന് മലിനീകരണമുണ്ടാകുന്നത് തടയാനും കഴിയണം. വാണിജ്യ സ്ഥാപനങ്ങളുടെയടക്കം ജലദുരുപയോഗം തടയുകയും പുനരുപയോഗം പ്രോൽസാഹിപ്പിക്കുകയും വേണം. ഓടകൾ മഴവെള്ളം ഒഴുകി പോകുന്നതിന് നിർമ്മിച്ചവയാണ് ഇതിലേക്ക് മലിനജലം ഒഴുക്കി വിടുന്നത് കർശനമായി തടയണം.

ജലലഭ്യത പ്രാദേശിക തലം വരെ ഉറപ്പു വരുത്തി ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കുന്ന രീതി അടുത്ത മൂന്നു വർഷത്തിൽ പൂർണ്ണമായി നിർത്തലാക്കാനാണ് ഉദ്ദേശിക്കുന്നത്.

എല്ലാവർക്കും ആവശ്യത്തിന് ജലം ലഭ്യമാക്കുന്നതിനുള്ള കർമ്മ പരിപാടിയാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത്. ഉപയോഗിക്കപ്പെടാത്ത പാറമടകൾ, മഴവെള്ള സംഭരണികൾ, മറ്റു ജലസ്രോതസ്സുകളടക്കമെല്ലാം ഇത്തരം ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കും. നവകേരളത്തിനായി പരിസ്ഥിതി സംരക്ഷണത്തോടൊപ്പം വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള ജല ലഭ്യത ഉറപ്പാക്കുന്നതിന് പൊതുജനങ്ങളുടെ സഹകരണത്തോടെ പരിപാടികൾ ആസൂത്രണം ചെയ്യാൻ ശിൽപ്പശാലക്ക് കഴിയുമെന്നാണ് പ്രതീക്ഷയെന്നും മുഖ്യമന്ത്രി പറഞ്ഞു.

നവകേരളത്തിനായി ജലസുരക്ഷാ സമീപന രേഖ മുഖ്യമന്ത്രി തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമയ്ക്ക് നൽകി പ്രകാശനം ചെയ്തു. പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെച്ച വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ചടങ്ങിൽ ആദരവ് നൽകി. നവകേരളത്തിന്റെ പരിസ്ഥിതി മികവുകൾ' പ്രബന്ധ സമാഹാരം പ്രകാശനവും മാപത്തോണിന്റെ ഭാഗമായി തയ്യാറാക്കിയ ഭൂപടം പ്രകാശനവും ആസൂത്രണ ബോർഡംഗം ജിജു പി അലക്സ് നിർവഹിച്ചു. നവകേരളം ന്യൂസ് ലെറ്ററിന്റെ 50-ാം പതിപ്പ് പ്രകാശനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ നിർവഹിച്ചു.

ഐ ബി സതീഷ് എം എൽ എ, കെ.എസ്.ഡബ്യൂ.എം.പി. പ്രോജക്ട് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ. സുരേഷ്, ചേംബർ ഓഫ് മുനിസിപ്പൽ അസോസിയേഷൻ ചെയർമാൻ എം കൃഷ്ണദാസ്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി.പി. മുരളി, എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ രവിരാജ് ആർ, ക്ലീൻകേരള കമ്പനി മാനേജിംഗ് ഡയറക്ടർ ജി. കെ. സുരേഷ്കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ സ്വാഗതവും പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർ രജത്ത് നന്ദിയും അറിയിച്ചു.

ജലസുരക്ഷ, പരിസ്ഥിതി പുനസ്ഥാപനം, മാലിന്യ പരിപാലനം എന്നീ മേഖലകളിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ നടന്ന മികച്ച പ്രവർത്തനങ്ങളെ ഉൾപ്പെടുത്തിയാണ് സംഗമം സംഘടിപ്പിച്ചത്.

# തൊഴിൽ സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചില്ലെങ്കിൽ നിയമനടപടിയുണ്ടാവും

തിരുവനന്തപുരം : പത്തിൽ കൂടുതൽ തൊഴിലാളികളുള്ള എല്ലാ തൊഴിൽ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ നിർബന്ധമായും രൂപീകരിക്കേണ്ടതുണ്ടെന്ന് കേരള വനിതാ കമ്മിഷൻ ചെയർപേഴ്സൺ അഡ്വ. പി. സതീദേവി. ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചില്ലെങ്കിൽ തൊഴിലുടമയ്ക്കെതിരെ നിയമനടപടി ഉണ്ടാവും. 50,000 രൂപവരെ പിഴ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണിതെന്നും ചെയർപേഴ്സൺ ചൂണ്ടിക്കാട്ടി. ഹോട്ടൽ മേഖലയിലെ തൊഴിലാളികൾക്കായി കേരള വനിതാ കമ്മിഷൻ സംഘടിപ്പിച്ച പോഷ് 2013 പ്രത്യേക ബോധവത്കരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അഡ്വ. പി. സതീദേവി. സ്ഥാപനത്തിലെ ആകെ തൊഴിലാളികൾ പത്തിൽ കുറവാണെങ്കിൽ സ്ത്രീ ജീവനക്കാർക്ക് കളക്ടർ അധ്യക്ഷനാകുന്ന ലോക്കൽതല കംപ്ലെയിന്റ് കമ്മിറ്റികളിൽ പരാതി പറയാൻ അവസരമുണ്ട്. നിയമം പാലിക്കപ്പെടുന്നുണ്ടോയെന്നും പരിശോധിക്കപ്പെടണം. എല്ലാ സ്ഥാപനങ്ങളിലും ഐസികൾ രൂപീകരിച്ചശേഷം അത് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്ന് സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് നിർദേശിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷയ്ക്കായി രാജ്യത്ത് നിരവധി നിയമങ്ങളുണ്ടെങ്കിലും അവ പൂർണതോതിൽ നടപ്പാക്കപ്പെടുന്നില്ല. നിയമങ്ങൾ സംബന്ധിച്ച ബോധവത്കരണം കൂടുതലായി ഉണ്ടാവണം. സ്ത്രീകൾക്കു മാത്രമല്ല, പുരുഷന്മാർക്കിടയിലും ബോധവത്കരണം ശക്തമാക്കേണ്ടതുണ്ട്. ഭാര്യയെ തല്ലാൻ അവകാശമില്ലെന്നും കുട്ടികളെ സംരക്ഷിക്കേണ്ടതുണ്ടെന്നുമുള്ള ബോധം പുരുഷന്മാർക്കിടയിലും ഉണ്ടാവേണ്ടതുണ്ട്. പുരുഷൻമാരെക്കൂടി ഉൾച്ചേർത്തുകൊണ്ടുള്ള സ്ത്രീപക്ഷ കാഴ്ചപ്പാടാണ് സമൂഹത്തിൽ ഉണ്ടാവേണ്ടതെന്നും വനിതാ കമ്മിഷൻ ചെയർപേഴ്സൺ ഓർമ്മിപ്പിച്ചു. കുടുംബ ബന്ധങ്ങൾ ജനാധിപത്യപരമാകേണ്ടതുണ്ട്. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുമ്പോഴും ജനാധിപത്യ സമീപനം വീട്ടുകാരിൽ ഉണ്ടാകുന്നില്ല. ഈ സാമൂഹിക സാഹചര്യത്തിൽ മാറ്റം വരണം. അതിന് നിയമത്തെക്കുറിച്ച് കൃത്യമായ ധാരണ എല്ലാർക്കും ഉണ്ടാവേണ്ടത് അനിവാര്യമാണെന്നും അഡ്വ. പി. സതീദേവി പറഞ്ഞു. തിരുവനന്തപുരം തൈക്കാട് റസ്റ്റ് ഹൗസ് ഹാളിൽ നടന്ന പ്രത്യേക ബോധവത്കരണ പരിപാടിയിൽ കേരള വനിതാ കമ്മിഷൻ അംഗം അഡ്വ. എലിസബത്ത് മാമ്മൻ മത്തായി അധ്യക്ഷയായിരുന്നു. വനിതാ കമ്മിഷൻ മെമ്പർ സെക്രട്ടറി വൈ.ബി. ബീന, പ്രൊജക്ട് ഓഫീസർ എൻ. ദിവ്യ, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ ലയ്സൺ ഓഫീസർ അശോക് കുമാർ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന പോഷ് ആക്ട് 2013 നെക്കുറിച്ചുള്ള ക്ലാസിന് തിരുവനന്തപുരം ബാർട്ടൺഹിൽ ഗവ. ലോ കോളജിലെ അസി. പ്രൊഫസർ എ.കെ. വീണ നേതൃത്വം നൽകി. വനിതാ കമ്മിഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആർ. ജയശ്രീ, പബ്ലിക് റിലേഷൻസ് ഓഫീസർ എസ്. സന്തോഷ് കുമാർ, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ പ്രതിനിധി സന്തോഷ് തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ഗാസയിൽ മരണം 50,000 പിന്നിട്ടു

കയ്റോ: 2023 ഒക്ടോബർ ഏഴിലെ ഹമാസ് ഭീകരാക്രമണത്തിനുശേഷം ഇസ്രേലി സേന ഗാസയിൽ നടത്തുന്ന ആക്രമണങ്ങളിൽ കൊല്ലപ്പെട്ട പലസ്തീനികളുടെ എണ്ണം അന്പതിനായിരം പിന്നിട്ടു. ഹമാസിന്റെ ഉന്നത നേതാവ് സലാ അൽ ബർദവീലും (66) ഇന്നലെ കൊല്ലപ്പെട്ടു.

ഇന്നലെ പുലർച്ചെ തെക്കൻ ഗാസയിലെ ഖാൻ യൂനിസ്, റാഫാ പ്രദേശങ്ങളിലുണ്ടായ ഇസ്രേലി ആക്രമണത്തിൽ 35 പേർ കൊല്ലപ്പെട്ടു. ഇതോടെ മൊത്തം മരണസംഖ്യ 50,021 ആയി. ഇവരിൽ 17,000 പേർ കുട്ടികളാണ്. 1.13 ലക്ഷം പേർക്കാണു പരിക്കേറ്റത്. കഴിഞ്ഞ ചൊവ്വാഴ്ച ഇസ്രേലി സേന വെടിനിർത്തൽ ലംഘിച്ച് ആക്രമണം പുനരാരംഭിച്ചശേഷം മാത്രം 673 പേർ ഗാസയിൽ കൊല്ലപ്പെട്ടു. യഹ്യ സിൻവർ അടക്കമുള്ള നേതാക്കൾ കൊല്ലപ്പെട്ടശേഷം ഹമാസിലെ ഏറ്റവും ഉയർന്ന നേതാവായി അറിയപ്പെട്ടിരുന്ന സലാ അൽ ബർദവീലും ഭാര്യയും ഖാൻ യൂനിസിലെ കൂടാരത്തിനു നേർക്കുണ്ടായ ആക്രമണത്തിൽ കൊല്ലപ്പെടുകയായിരുന്നു. ഹമാസ് പോളിറ്റ്ബ്യൂറോ അംഗമായിരുന്ന ഇയാൾ സംഘടനയുടെ രാഷ്ട്രീയവിഭാഗം നേതാവുമായിരുന്നു.

റാഫയിലും ഖാൻ യൂനിസിലും ഇസ്രേലി സേന ഉഗ്ര ആക്രമണമാണു നടത്തുന്നതെന്നു റിപ്പോർട്ടുകളിൽ പറയുന്നു. ഒന്നാംഘട്ട വെടിനിർത്തൽ നീട്ടാനുള്ള അമേരിക്കൻ പദ്ധതി ഹമാസ് അംഗീകരിക്കാത്തതിന്റെ പേരിലാണ് ഗാസയിൽ ആക്രമണം പുനരാരംഭിച്ചതെന്ന് ഇസ്രയേൽ പറയുന്നു.

# സപ്ലൈകോ റംസാൻ ഫെയർ 25 മുതൽ

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന റംസാൻ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മാർച്ച് 25 ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം ഫോർട്ട് പീപ്പിൾസ് ബസാറിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ നിർവഹിക്കും. ആന്റണി രാജു എം എൽ എ, അധ്യക്ഷത വഹിക്കും. തിരുവനന്തപുരം കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ പി.കെ രാജു ആദ്യ വിൽപന നിർവഹിക്കും. മാർച്ച് 25 മുതൽ 31 വരെ ഓരോ ജില്ലയിലും പ്രധാനപ്പെട്ട ഔട്ട്ലെറ്റുകൾ കേന്ദ്രമാക്കിയാണ് റംസാൻ ഫെയറുകൾ പ്രവർത്തിക്കുക. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി നോൺ സബ്സിഡി സാധനങ്ങൾക്കു പുറമേ ബിരിയാണി അരി, മസാലകൾ എന്നിവ പ്രത്യേക വിലക്കുറവിൽ ലഭ്യമാകും.

# പൊതുജന വിശ്വാസം ഇല്ലാതാക്കിയ യശ്വന്ത് വർമയെ ഇംപീച്ച് ചെയ്യണം

ന്യൂഡൽഹി: ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമയുടെ വീട്ടിൽനിന്ന് പണം കണ്ടെത്തിയതിനു പിന്നാലെ ജഡ്ജിയെ ഇംപീച്ച് ചെയ്യാൻ ശിപാർശചെയ്യണമെന്ന് ആവശ്യപ്പെട്ട് കത്ത്. അലഹബാദ് ഹൈക്കോടതി ബാർ അസോസിയേഷനാണ് ചീഫ് ജസ്റ്റീസിന് കത്ത് നൽകിയത്.

യശ്വന്ത് വർമ തുടരുന്നത് ജനാധിപത്യത്തിന് അപകടമാണെന്ന് അഭിഭാഷകർ ചൂണ്ടിക്കാട്ടി. യശ്വന്ത് വർമ പൊതുജന വിശ്വാസം ഇല്ലാതാക്കിയെന്നും ബാർ അസോസിയേഷൻ വ്യക്തമാക്കി. അതേസമയം ജഡ്ജിയെ അലഹബാദ് ഹൈക്കോടതിയിലേക്ക് മാറ്റാൻ സുപ്രീംകോടതി കൊളീജിയം ശിപാർശ ചെയ്തു. ശിപാർശ കത്ത് കേന്ദ്ര സർക്കാരിന് കൈമാറി.

# ബോംബ് ഭീഷണി: കൊല്ലം കളക്ടറേറ്റിൽ സുരക്ഷ ശക്തമാക്കും

കൊല്ലം: ബോംബ് ഭീഷണി വന്നതിനെ തുടർന്ന് ജില്ലാ കളക്ടറേറ്റിൽ സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കാൻ തീരുമാനം. പ്രവർത്തി ദിവസങ്ങളിൽ കളക്ടറേറ്റിലെ സുരക്ഷയ്ക്കായി കൂടുതൽ പോലീസിനെ വിന്യസിക്കും. അവധി ദിവസങ്ങളിലും കളക്ടറേറ്റും പരിസരവും പോലീസിന്റെ കർശന നിരീക്ഷണത്തിലായിരിക്കും. പൊതുജനങ്ങൾക്ക് തടസം ഉണ്ടാകാത്ത രീതിയിൽ മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന കാര്യവും അധികൃതരുടെ പരിഗണനയിലുണ്ട്.

കഴിഞ്ഞ ദിവസം ജില്ലാ കളക്ടറേറ്റിലേക്ക് ബോംബ് ഭീഷണി വന്നത് അധികൃതർ അറിയാൻ മണിക്കൂറുകൾ വൈകി. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ അടക്കമുള്ളവരുടെ ഭാഗത്ത് നിന്ന് ഗുരുതര വീഴ്ചയുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിലാണ് ജില്ലയുടെ ഭരണസിര കേന്ദ്രമായ കളക്ടറേറ്റിൽ കൂടുതൽ സുരക്ഷ ഒരുക്കാൻ പോലീസ് തീരുമാനിച്ചത്. വെസ്റ്റ് പോലീസ് സ്റ്റേഷന് വളരെ അടുത്താണ് കളക്ടറേറ്റ് സ്ഥിതി ചെയ്യുന്നത്.

തിരുവനന്തപുരം, പത്തനംതിട്ട കളക്ടറേറ്റുകളിലേക്ക് ബോംബ് ഭീഷണി വന്ന ചൊവ്വ പുലർച്ചെ തന്നെയാണ് കൊല്ലം കളക്ടറേറ്റിലും ഇ. മെയിൽ വഴി ഭീഷണി എത്തിയത്. എന്നാൽ ഇക്കാര്യം ജീവനക്കാരുടെ ശ്രദ്ധയിൽപ്പട്ടത് വൈകുന്നേരം ആറോടെയാണ്. ഉടൻ വിവരം പോലീസിൽ അറിയിച്ചു.

ഉന്നത പോലീസ് ഉദ്യോഗസ്ഥരും ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും അടക്കം കളക്ടറേറ്റ് പരിസരം പൂർണമായും പരിശോധിച്ചെങ്കിലും സംശയാസ്പദമായി ഒന്നും കണ്ടെത്താനായില്ല. അടുത്ത ദിവസം രാവിലെയും സമാനമായ രീതിയിൽ പരിശോധനകൾ തുടർന്നു.

തന്ത്ര പ്രധാനമായ ഒട്ടനവധി സർക്കാർ ഓഫീസുകളും ജില്ലാ കോടതിയും അടക്കം പ്രവർത്തിക്കുന്നത് കളക്ടറേറ്റിന് ഉള്ളിലാണ്. ജീവനക്കാർ അടക്കം ആയിരക്കണക്കിന് ആൾക്കാർ പ്രതിദിനം ഇവിടെ വന്നു പോകുന്നുണ്ട്.

എന്നിട്ടും കാര്യമായ സുരക്ഷാ ഏർപ്പാടുകൾ ഒന്നും സിവിൽ സ്റ്റേഷൻ പരിസരത്ത് ഇല്ല എന്നതാണ് യാഥാർഥ്യം.

എന്നാൽ തുടർന്ന് അധികൃതരുടെ ഭാഗത്ത് കാര്യമായ സുരക്ഷാ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. ദിവസവും രാവിലെ ബോംബ് സ്ക്വാഡിന്റെ പരിശോധനകൾ ഇപ്പോഴും നടക്കുന്നുണ്ട്. ഒടുവിൽ ഭീഷണി വന്ന ദിവസവും ഈ പരിശോധന തുടർന്നു. അതുകൊണ്ട് കാര്യമായ പ്രയോജനം ഇല്ലന്നാണ് ജീവനക്കാരും കോടതികളിലും ഓഫീസുകളിലും വിവിധ ആവശ്യങ്ങൾക്ക് എത്തുന്നവർ അടക്കമുള്ളവർ പറയുന്നത്. നിലവിൽ കാര്യമായ ഒരു പരിശോധനയും കളക്ടറേറ്റ് പരിസരത്ത് നടക്കുന്നില്ല.

സംശയകരമായ സാഹചര്യത്തിൽ കാണുന്നവരെ പോലീസ് പരിശോധിക്കണം. മെറ്റൽ ഡിറ്റക്ടർ അടക്കമുള്ള സംവിധാനങ്ങളും പ്രധാന കവാടങ്ങളിൽ ഏർപ്പെടുത്തണം. പോലീസ് പിക്കറ്റ് ഏർപ്പെടുത്തി പട്രോളിംഗും ശക്തമാക്കണം.

ഇപ്പോഴത്തേ പശ്ചാത്തലത്തിൽ സിവിൽ സ്റ്റേഷന് ഉള്ളിലും പരിസരത്തും കൂടുതൽ പോലീസിനെ നിയോഗിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സിറ്റി പോലീസ് കമ്മീഷണർ നിർദേശം നൽകി കഴിഞ്ഞു. കളക്ടറേറ്റ് പരിസരത്തെ പ്രധാന ഓഫീസുകളിൽ അടക്കം കൂടുതൽ സിസിടിവി കാമറകൾ അടക്കം സ്ഥാപിക്കുന്നതും അധികൃതരുടെ പരിഗണനയിലാണ്.

ബോംബ് ഭീഷണി വന്ന സന്ദേശം പൂർണമായി വായിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് ഉദ്യോഗസ്ഥർക്കും നിർദേശം നൽകി കഴിഞ്ഞു. കോടതികളുടെ പരിസരത്തും കൂടുതൽ സുരക്ഷ ഒരുക്കാനും തീരുമാനിച്ചിട്ടുണ്ട്.

ജുഡീഷ്യൽ ഓഫീസർമാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലത്ത് പോലും ഒരു സുരക്ഷാ സംവിധാനവും നിലവിലില്ല. ഇവിടെയും പോലീസ് നിരീക്ഷണം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

# അഫാനെയും പിതാവിനെയും ഒരുമിച്ചിരുത്തി ചോദ്യം ചെയ്തു: പൊട്ടികരഞ്ഞുകൊണ്ട് റഹീം പറഞ്ഞത് 'തെണ്ടാൻ വയ്യെന്ന്

വെഞ്ഞാറമൂട്: വെഞ്ഞാറമൂട് കൂട്ടക്കൊലപാതകത്തിനു പിന്നിൽ വൻ സാമ്പത്തിക ബാധ്യത തന്നെ. ബാധ്യതക്ക് കാരണം അഫാന്റെയും അമ്മയുടെയും സാമ്പത്തിക അച്ചടക്കമില്ലായ്മ തന്നെയെന്നും പോ ലീസ് സ്ഥിരീകരിച്ചു.

അഫാൻയോ അമ്മയുടേയോ കൈവശം ഒരു രൂപ പോലുമുണ്ടായിരുന്നില്ല. കടത്തിൽ നിൽക്കുമ്പോഴും അഫാൻ രണ്ടു ലക്ഷം രൂപയുടെ ബൈക്ക് വാങ്ങിയിരുന്നു. കൊല നടത്തിയ ദിവസം കടം വാങ്ങിയ 50, 000 രൂപ തിരികെ നൽകേണ്ട ദിവസമായിരുന്നു. ഇതിന് ഇവരുടെ പക്കൽ പണമുണ്ടായിരുന്നില്ല. കൊല നടക്കുന്നതിന്റെ തലേ ദിവസവും അഫാൻ പെൺസുഹൃത്തിൽ നിന്നും 200 രൂപ കടം വാങ്ങിയിരുന്നു. ഇതിൽ നിന്നും 100 രൂപയ്ക്ക് വണ്ടിയിൽ പെട്രോൾ അടിച്ചാണ് ഉമ്മയെയും കൊണ്ട് ബന്ധു വീട്ടിൽ കടം ചോദിക്കാൻ പോയത്. പക്ഷെ പണം കിട്ടിയില്ല. 100 രൂപയ്ക് അഫാനും ഉമ്മയും ഒരു കടയിൽ കയറി ദോശ കഴിച്ചെന്നും അഫാൻ പോലീസിനോട് പറഞ്ഞു. അതേസമയം അഫാനെയും അച്ഛൻ റഹിമിനെയും പോലീസ് സംഘം ഒരുമിച്ചിരുത്തി ചോദ്യം ചെയ്തു. എല്ലാം തകർത്തു കളഞ്ഞില്ലേയെന്നാണ് പൊട്ടികരഞ്ഞുകൊണ്ട് റഹിം അഫാനോടു ചോദിച്ചത്. ഇനി തെണ്ടാൻ വയ്യെന്നും റഹീം കൂട്ടിച്ചേർത്തു.എന്നാൽ അമ്മയും അനുജനും തെണ്ടുന്നതു കാണാൻ വയ്യെന്നായിരുന്നു അഫാൻ മറുപടി നൽകിയത്. നാലു പേരെ തലക്കടിച്ച് കൊല്ലാൻ അഫാനെ ഒരു സിനിമയും പ്രേരിപ്പിച്ചിട്ടില്ലന്ന് പോലീസ് പറയുന്നു.